റസിഡൻഷ്യൽ ഹോംസ്റ്റേകൾക്ക് ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ ബാധകമായ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിന് കാരണമാവുന്നു.

വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/26.09.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദേശം

റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് ആയതിനുസൃതമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-13 വസ്തു നികുതി തെറ്റായി നിർണയിച്ചതുമൂലം നികുതി നഷ്ടം ഉണ്ടാവുന്നു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 45 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്താത്ത, 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള 6/349A, 16/71 എന്ന കെട്ടിടത്തിന് തെറ്റായി നികുതി നിർണയിച്ചതിനാൽ നഷ്ടമുണ്ടാകുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | 6/349A |
|---|---|---|
| 1 | കെട്ടിട ഉടമയുടെ പേരും വിലാസവും | സൈദുമുഹമ്മദ് & അസ്സനർ, പടിപ്പുരക്കാട്ടിൽ ഹൗസ്, പത്തിരിപ്പാല, പേരൂർ, ഒറ്റപ്പാലം, 679302 |
| | വിസ്തീർണ്ണം | 136.46 ച.മീ (ഗോഡൌൺ) |
| | നിലവിലെ നികുതി നിർണ്ണയം | 136.46*45=6140.70<br>വർദ്ധനവ് - 20%=1228.14<br>ഇളവ് - 10%=614.70<br>BT- 6754<br>ST- 0<br>LC- 338<br>Total- 7092 |
| | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 136.46*60 = 8187.60<br>വർദ്ധനവ്(20%)-1637.50<br>ഇളവ്- 10% - 818<br>BT- 9007.10<br>ST- 0<br>LC- 450.30<br>Total- 9457 |
| | പ്രതിവർഷ നഷ്ടം | 9457-7092= 2365<br>(BT – 2253, LC – 112) |
| 2 | കെട്ടിട നം. | 16/71 |
| | കെട്ടിട ഉടമയുടെ പേരും വിലാസവും | ബാബുശങ്കർ, അമ്മേ നാരായണ അപ്പേക്കാട്ട്, ലക്കിടി, 679301 |
| | വിസ്തീർണ്ണം | 113.57ച. മീ (ഷോപ്പ്) |
| | നിലവിലെ നികുതി നിർണ്ണയം | 113.57*45=5110.65<br>വർദ്ധനവ് - 0% -0<br>ഇളവ് - 10% -511.65 |

| | | |
|---|---|---|
| | | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ്- 230<br>BT- 4370<br>ST- 0<br>LC- 219<br>Total- 4589 |
| | യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 113.57*60 = 6814.20<br>വർദ്ധനവ് - 0% -<br>ഇളവ്- 10% - 681.4<br>BT- 6132.80<br>ST- 0<br>LC- 306.60<br>Total- 6439 |
| | പ്രതിവർഷ നഷ്ടം | 6439-4589=1850<br>(BT – 1763, LC – 87) |
| ഒട്ടാകെ – BT – 4015, LC – 299 | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/27.09.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (ഫോറം-6) ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയത്തിലെ പിഴവുകൾ തുടരുന്നു

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഫീൽഡ് വേരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത് തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ തുടരുന്നതായി കാണുന്നു.

താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച മീ) | വസ്തു നികുതി (BT+LC) |
|---|---|---|---|---|
| 1 | 1/452 | ബിനിൽ കെ ജോൺ, കുരൻവീട്, മുളഞ്ഞൂർ, 679511 | 184 | 10929.00 |
| 2 | 1/454 | ബിനിൽ കെ ജോൺ , കുരൻ വീട്, മുളഞ്ഞൂർ, 679511 | 144 | 11453.00 |
| 3 | 3/117 | അബൂബക്കർ, കളമ്പിൽ പടിഞ്ഞാറേതിൽ, മുളഞ്ഞൂർ | 180 | 6468.00 |

| | | | | |
|---|---|---|---|---|
| 4 | 4/1 | ആൻറണി ജോസഫ്, ആഞ്ഞിലിമൂട്ടിൽ, കുനത്തറ | 141.24 | 9784.00 |
| 5 | 5/148 | അബു, കുന്നപ്പുള്ളി, അകലൂർ, 679302 | 120 | 42.00 |
| 6 | 5/394 | ഇന്സാഫ്, അനസ്, യൂനസ് വലിയ പീടികയ്ക്കൽ, അകലൂർ, 679302 | 240.6 | 137.00 |
| 7 | 5/478 | ഷെറിൻ മുതൽപേർ,കളത്തിങ്കൽ ഹൗസ്, അകലൂർ, 679302 | 142.5 | 950.00 |
| 8 | 6/853 | വിശ്വനാഥൻ, ഗുരുകൃപ, പത്തിരിപ്പാല, പേരൂർ, 679302, | 114.18 | 1836.00 |
| 9 | 6/855 | വിശ്വനാഥൻ, ഗുരുകൃപ, പത്തിരിപ്പാല, പേരൂർ, 679302, | 127.38 | 1653.00 |
| 10 | 6/121 | ബഷീർ.സി.എം, ചിറ്റന്റകത്ത്, പേരൂർ, ഒറ്റപ്പാലം, 679302 | 155.6 | 412.00 |
| 11 | 8/200 | റഷീദ, പൂളയ്ക്കൽ വീട്, പേരൂർ, ഒറ്റപ്പാലം, 679302 | 101 | 135.00 |
| 12 | 10/362 | അക്ബർഅലി, കറവത്തൂർ, അകലൂർ, 679302,, | 126 | 282.00 |
| 13 | 10/425 | അക്ബർ അലി, കരവന്നർ ചാവക്കാടൻ, അകലൂർ, 679302 | 126 | 1172.00 |
| 14 | 10/427 | യൂസഫ് ഉമ്മർ, പേട്ടയിൽ ഹൗസ്, അകലൂർ, 679302 | 126 | 137.00 |
| 15 | 10/429 | യൂസഫ് ഉമ്മർ, പേട്ടയിൽ, അകലൂർ, 679302 | 126 | 137.00 |
| 16 | 11/215 | മോഹൻദാസ്, മൂച്ചിക്കൽ, അകലൂർ-679302 | 164 | 139.00 |
| 17 | 11/466 | ഉണ്ണികൃഷ്ണൻ, പള്ളത്ത്കോൽകാട്ടിൽ, അകലൂർ, 679302 | 103.2 | 242.00 |
| 18 | 11/492 | ശശി, ഇരുളിൻകാട്ടിൽ, അകലൂർ, 679302, | 284.16 | 179.00 |
| 19 | 11/493 | ശശി, ഇരുളിൻകാട്ടിൽ, അകലൂർ, 679302, | 284.16 | 410.00 |
| 20 | 13/369 | ശംസുദ്ധീൻ, വീട്ടിലകത്ത്, മംഗലം,, | 183.75 | 84.00 |
| 21 | 13/516 | അബ്ദുല്റഹ്മാൻ, വട്ടപറമ്പിൽ, മംഗലം ഒറ്റപ്പാലം, 679301 | 106 | 574.00 |
| 22 | 15/366 | വേലായുധൻ, ആലിക്കൽപറമ്പിൽ, ലക്കിടി, 679301 | 160 | 521.00 |
| 23 | 15/45 | പ്രഭാകരൻ, പുത്തൻവീട്ടിൽ, ലെക്കിടി, 679301 | 150 | 175.00 |

ഡാറ്റാ പ്യൂരിഫിക്കേഷന ശേഷവും സഞ്ചയ ഡാറ്റാബേസിൽ വസ്തുതാപരമായ പിശകുകൾ തുടരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/27.09.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്വെയർ ഫോറം 6-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡാറ്റാബേസ് കുറ്റമറ്റതാക്കേണ്ടതാണ്.

1-15 പന്നികൾക്കും പട്ടികൾക്കുമുള്ള ലൈസൻസ് ഊർജ്ജിതമാക്കേണ്ടതാണ്

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ പട്ടികൾക്കും പന്നികൾക്കുമുള്ള ലൈസൻസ് ഫീ ഇനത്തിൽ 590 രൂപ പിരിച്ചെടുത്തതായി കാണുന്നു (59*10=590).
നിലവിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 1998 ലെ കേരള പഞ്ചായത്ത് രാജ്(പന്നികൾക്കു പട്ടികൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത്, വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നത് ഊർജ്ജിതമാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന ഓഡിറ്റ് അന്വേഷണം നം. 03/24.09.2022 ന് മറുപടിയായി ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വാക്സിനേഷൻ ക്യാമ്പുകൾ നടത്തുന്നുണ്ടെന്നും വാക്സിനേഷന് വരുന്ന വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുപ്പിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
ചട്ടപ്രകാരമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
ലൈസൻസ് നൽകുന്ന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1-16 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കൽ - സമയപരിധി പാലിച്ചില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ലെ ചട്ടം 12 പ്രകാരം സൈറ്റ് പ്ലാൻ അംഗീകാരത്തിനുള്ള അപേക്ഷയോ മറ്റേതെങ്കിലും രേഖയോ ലഭ്യമായ തിയതി മുതൽ 15 ദിവസത്തിനകം സൈറ്റ് പ്ലാൻ അംഗീകരിക്കേണ്ടതാണ്. ചട്ടം 13 പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിനുള്ള സമയപരിധി 15 ദിവസമാണ്. പെർമിറ്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പെർമിറ്റ് അപേക്ഷയിൽ സമയ പരിധി പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി.

| ഫയൽ നമ്പർ/തീയതി | അപേക്ഷകന്റെ പേര്/ വിലാസം | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|
| A/947/2022, 18.12.2021 | ഹവ്വാമ, പടിഞ്ഞാറേതിൽ, മുളഞ്ഞൂർ | 06.05.2022 |

| | | |
|---|---|---|
| A/1255/2022, 04.03.2022 | മോഹനൻ, പറപ്പളത്ത് | 02.07.2022 |

പെർമിറ്റ് അനുവദിക്കുന്നതിൽ സമയപരിധി പാലിക്കാതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.30(1)/27-9-22) ന് മറുപടി ലഭ്യമായിട്ടില്ല. പെർമിറ്റ് അനുവദിക്കുവാൻ ചട്ടപ്രകാരമുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 മൊബൈൽ ടവർ – അനുബന്ധ കെട്ടിടത്തിന് പെർമിറ്റ് എടുത്തില്ല

മൊബൈൽ ടവർ – അനുബന്ധ കെട്ടിടത്തിന്റെ പെർമിറ്റ്
മൊബൈൽ ടവറിനുള്ള അപേക്ഷാ നം. എ1-3646/22
തിയതി – 18-2-22
അപേക്ഷകൻ – ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചർ
രേഖകൾ പ്രകാരം മൊബൈൽ ടവറിനുള്ള പെർമിറ്റ് ഫീ ഇനത്തിൽ 10000 രൂപ ഈടാക്കിയിട്ടുണ്ട്.

അനുബന്ധ മുറികൾക്ക് സെക്രട്ടറിയിൽ നിന്നുള്ള പെർമിറ്റ് ആവശ്യമാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 83 ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 3.75 ച.മീ അനുബന്ധ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 30(2)/27.09.22 ന് മറുപടി ലഭ്യമായിട്ടില്ല. അനുബന്ധ കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ക്രമവത്ക്കരിക്കുന്നന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 ദുരിതാശ്വാസനിധി-തുകയുടെ വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്

Kerala Panchayat Raj(Constitution And Utilisation Of Distress Relief Fund) Rules, 2003 ചട്ടം അനുസരിച്ച് അടിയന്തിര സഹായം ആവശ്യമായ ഒരാൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് 500 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ, ദീർഘകാല രോഗങ്ങൾ, അപകടങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന ആളുകൾക്ക് ഇത്തരത്തിൽ ധനസഹായം അനുവദിക്കാവുന്നതാണ്.

ഇതിനായി ഒറ്റപ്പാലം കോ ഓപ്പറേറ്റീവ് ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ (A/c നം: 00204000004451) 20-21 ൽ മുന്നിരിപ്പ് 34022 രൂപയും പലിശയിനത്തിലെ വരവ് 1181 രൂപയും നീക്കിയിരിപ്പ് 35203 രൂപയുമാണ്.

01.04.2020-നു ശേഷം ബാങ്ക് അക്കൗണ്ടിൽ നിന്നും ദുരിതാശ്വാസത്തിനായി ചെലവുകളൊന്നും നടത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ ദുരിതാശ്വാസ നിധിയിലേക്ക് വരവുകളൊന്നും ഇല്ല.

ഓഡിറ്റ് അന്വേഷണം നം. 28/27-9-22 ന് മറുപടിയിൽ ദുരിതാശ്വാസനിധിയുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിലേക്ക് ആവശ്യമായ ധനം ചട്ടപ്രകാരം സമാഹരിക്കുന്നതിനും അടിയന്തിരഘട്ടത്തിൽ അനുവദനീയമായ സഹായങ്ങൾ ചെയ്യുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 വാഹനപരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

വാഹനം- Mahindra Bolero- ( രജിസ്ട്രേഷൻ നം.-KL51-B/9090)

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും

ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.

. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

. A) ഓരോ മാസാവസാനവും കിലോമീറ്റർ, ഇന്ധന അളവ് എന്നിവയുടെ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

. B) ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

. C) ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ പല ദിവസങ്ങളിലും രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി.

വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്തതിൽ ഓഡിറ്റ് അന്വേഷണത്തിന് (നം.31/28-9-22) അപാകതകൾ പരിഹരിക്കുന്നതും ലോഗ്ബുക്ക് കൃത്യമായി പരിപാലിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി. വാഹന പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-20 തനത് ഫണ്ടിൽ നിന്നുള്ള മുൻകൂറുകൾ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിക്കാതെ ശേഷിക്കുന്നുണ്ട്.

| | |
|---|---|
| MNREGS ഓഫീസ് പ്രവർത്തനത്തിന് നൽകിയ മുൻകൂർ | 1980245 |
| സാക്ഷരതാ പ്രേരകിന് ഓണറേറിയം | 32760 |
| ഫെസ്റ്റിവൽ അഡ്വാൻസ് | 9000 |

മുൻകൂറുകൾ ക്രമീകരിക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.5/24.09.22 ന് MNREGS ഓഫീസ് പ്രവർത്തനം, സാക്ഷരതാ പ്രേരകിന് ഓണറേറിയം എന്നീയിനങ്ങളിൽ നൽകിയ തുക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ശ്രീമതി ജ്യോതിയിൽ നിന്നും ക്രമീകരിക്കേണ്ട 3000 രൂപ തനത്ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ. ഗോകുൽദാസ്, അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ട 6000 രൂ ഡി.ഡി.പി, പാലക്കാട് കാര്യാലയത്തിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയെന്നും മറുപടി ലഭ്യമാക്കി.

കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. മറ്റു മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 കെ എസ് ഇ ബി കെട്ടിടത്തിന്റെ വാടക - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മാത്രം ഉൾപ്പെടുത്തി പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനായി സർക്കാരിലേക്ക് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥലം ഗ്രാമപഞ്ചായത്ത് കണ്ടെത്തി സൗജന്യമായി നൽകണമെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ പരമാവധി 2 വർഷത്തേക്ക് ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് സ്വന്തം ചെലവിൽ വാടകയ്ക്ക് എടുത്ത് നൽകണമെന്നുള്ള നിബന്ധനയിൽ സർക്കാർ സെക്ഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പ്രതിമാസം 15000 രൂപ നിരക്കിൽ 2 വർഷക്കാലയളവിലേക്ക് വാടക കെട്ടിടം ലഭ്യമായിട്ടുള്ളതിനാൽ തനതു ഫണ്ടിൽ നിന്നും വാടക നൽകുന്നതിനുള്ള അനുമതിയ്ക്കായി 08.08.18-ലെ 5-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ)നം. 2358/2020 /തസ്വഭവ തീയതി 21.12.2020 പ്രകാരം പ്രതിമാസം 15000 രൂപ നിരക്കിൽ രണ്ടു വർഷത്തേക്ക് തനതുഫണ്ടിൽ നിന്നും കെട്ടിട വാടക നൽകുന്നതിനുള്ള അനുമതി ലഭ്യമാകുകയും ചെയ്തു. ഓഫീസ് പ്രവർത്തനം ആരംഭിച്ച 5-10-2020 മുതൽ രണ്ടു വർഷക്കാലയളവിലേക്ക് വാടക അനുവദിക്കാവുന്നതാണ്.

ശ്രീ.മോഹനകൃഷ്ണൻ ഓടത്ത്, മംഗലം(പി.ഒ), ലക്കിടി ഒറ്റപ്പാലം-ന്റെ ഉടമസ്ഥതയിലുള്ള 18/114, 115, 116 നമ്പർ മുറികളിൽ 05.10.2020 മുതൽ ഓഫീസ് പ്രവർത്തിച്ചുവരുന്നുണ്ട്. 01.10.2020-ൽ ശ്രീ.മോഹനകൃഷ്ണൻ ഒന്നാം കക്ഷിയായും സെക്രട്ടറി രണ്ടാം കക്ഷിയായും 30.09.21വരെയുള്ള കാലയളവിലേക്ക് വാടകകരാർ ഒപ്പുവെച്ചിട്ടുണ്ട്. അതിനുശേഷം കരാർ രേഖാമൂലം പുതുക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വാക്കാലുള്ള അപേക്ഷപ്രകാരം 30.09.22 വരെ കെട്ടിടം വാടകയ്ക്കുള്ള അനുമതി ഉടമ പുതുക്കി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം 09/22-നു ശേഷം വാടക നൽകാൻ അനുമതിയില്ലെന്ന് ഗ്രാമപഞ്ചായത്ത് കെട്ടിട ഉടമയെ അറിയിച്ചതിനാൽ കെട്ടിടം ഒഴിഞ്ഞുതരണമെന്ന് കെട്ടിട ഉടമ 08.08.22-ലെ കത്ത് പ്രകാരം പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവു പ്രകാരം 9/22 വരെ മാത്രമാണ് വാടക നൽകുന്നതിനുള്ള അനുമതിയുള്ളത്. തന്റെ കെട്ടിടത്തിൽ നിന്നും ഓഫീസ് ഒഴിപ്പിച്ചുതരണമെന്ന് കെട്ടിട ഉടമ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം 9/2021 നുശേഷം വാടക പുതുക്കുന്നതിനായി എഗ്രിമെന്റ് ചമയ്ക്കാതിരുന്നതിന്റെ കാരണം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/24.09.22) മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്കുകളുടെ പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവ് രേഖകളനുസരിച്ച് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പത്തിരിപ്പാല, ലക്കിടി എന്നിവിടങ്ങളിലായി പ്രതിമാസം ശരാശരി 140000രൂപ ചെലവുണ്ട്. രജിസ്റ്ററുകൾ, ചെലവുരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിശദാംശം താഴെചേർക്കുന്നു.

തെരുവുവിളക്കുകളുടെ എണ്ണം , മീറ്ററിംഗ്

തെരുവുവിളക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമായ 2016-17സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 19 വാർഡുകളിലുമായി ഉള്ള വിളക്കുകളുടെ വിവരം

| ഇനം | Double Tube | Ord CFL | Watt CFL Set | 24w LED Set | Sodium Vapour Lamp |
|---|---|---|---|---|---|
| എണ്ണം | 384 | 432 | 242 | 167 | 47 |

തെരുവുവിളക്കുകൾ മീറ്റേഡ് ആക്കിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായില്ല. എന്നാൽ 2021-22 സാമ്പത്തികവർഷത്തിൽ കെ എസ് ഇ ബി യിൽ നിന്നും ലഭ്യമായ വൈദ്യുതിചാർജിന്റെ ഡിമാന്റ് നോട്ടീസിൽ മീറ്റേഡ് സ്ട്രീറ്റ് ലൈറ്റ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സംയുക്ത പരിശോധന

2016-17 സാമ്പത്തിക വർഷത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനായി തയ്യാറാക്കിയ വിളക്കുകളുടെ എണ്ണമാണ് തെരുവുവിളക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമായത്. കെ എസ് ഇ ബി-യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായില്ല. 2021-22ലെ വിളക്കുകളുടെ അറ്റകുറ്റപ്പണിയുടെ ചെലവുരേഖകളിലും സി എഫ് എൽ, എൽ ഇ ഡി വിളക്കുകൾ മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട താഴെചേർക്കുന്ന വിവരങ്ങൾ ഓഡിറ്റ് അന്വേഷണം (32/28.09.22) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

1. എൽ ഇ ഡി ലാമ്പുകളെ അപേക്ഷിച്ച് സി എഫ് എൽ ലാമ്പുകളുടെ ഊർജ ഉപഭോഗവും, വൈദ്യുതി ചാർജ്ജും കൂടുതലാണ്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള വിളക്കുകൾ തരം മാറ്റിയിട്ടുള്ളതിന്റെ വിവരങ്ങൾ

2. 2016-ന ശേഷം തെരുവുവിളക്ക് രജിസറ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനുള്ള കാരണം

3. ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുത ബിൽ ക്രമീകരിക്കുവാൻ സ്വീകരിച്ച നടപടികൾ

ഓഡിറ്റ് നിർദേശം

ഊർജ്ജ ഉപഭോഗം കൂടുതലുള്ള വിളക്കുകൾ തരം മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ കൂടി ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. ആയതിന്റ അടിസ്ഥാനത്തിൽ KSEB വൈദ്യുതബിൽ ക്രമീകരിക്കുന്നതിന് സംയുക്ത പരിശോധന നടത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-23 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ-അപാകതകൾ

ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഹരിതസഹായ സ്ഥാപനമായി തെരെഞ്ഞെടുത്ത ഐ.ആർ.ടി.സി, മുണ്ടൂർ എന്ന സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ നൽകുന്നതിനായി 2021-22 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 199/22, ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ |
| അടങ്കൽ | 1,20,000<br>70,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+50,000(തനത് ഫണ്ട്) |
| ചെലവ് | 1,20,000<br>70,000(ധനകാര്യ കമ്മീഷൻ |

| | |
|---|---|
| | ഗ്രാന്റ്)+50,000(തനത് ഫണ്ട്) |
| തുക കൈമാറിയ അക്കൗണ്ട് | അക്കൗണ്ട് നം- 4318000100060103<br>IFSC കോഡ് - PUNB0431800<br>IRTC ഹരിത സഹായ സ്ഥാപനം |

സ.ഉ(സാധാ)നം.407/2018/തസ്വഭവ തീയതി 09.02.2018, സ.ഉ(സാധാ) നം.471/2019/തസ്വഭവ തീയതി 01.03.2019 എന്നീ ഉത്തരവുകളുടേയും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.03.2020 ലെ 331/സി5 /2019/എസ്.എം നമ്പർ നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ പ്രതിമാസം 21757/- രൂപ ഉടമ്പടി വച്ച മാസത്തിന് തൊട്ടടുത്ത മാസം പതിനഞ്ചാം തീയതിക്ക് മുൻപായി ഐ.ആർ.ടി.സി ക്ക് നൽകേണ്ടതാണ്. ഐ.ആർ.ടി.സി രജിസ്ട്രാറുമായി സെക്രട്ടറി 1-12-2021 ന് ചമച്ച കരാറിൽ ഹരിതസഹായ സ്ഥാപനത്തിന്റെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. കരാർ പ്രകാരം കൺസൾട്ടേഷൻ ഫീ ഇനത്തിൽ 2,61,084/- രൂപയാണ് വർഷത്തിൽ IRTC ക്ക് കൈമാറേണ്ടത്. എം.സി.എഫ് സ്ഥാപിക്കുക, യൂസർ ഫീ പിരിവിന് സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങളൊന്നും കൈവരിക്കാത്തതിനാൽ ഹരിതസഹായ സ്ഥാപനം അതിന്റെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു.

### 1-23-1 സ്ഥിരമായ മാലിന്യ സംഭരണ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്

ഹരിതകർമ്മ സേന രൂപീകരിക്കുക, പ്രവർത്തിപ്പിക്കുക, അജൈവമാലിന്യ സംഭരണ കേന്ദ്രവും(എം.സി.എഫ്), വളവും ഇനോകുലവും അനുബന്ധ സാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലവും ഹരിത കർമ്മസേനയുടെ ഓഫീസ് പ്രവർത്തിക്കാനുള്ള സൗകര്യമടങ്ങുന്ന കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഹരിത കർമ്മ സേനയ്ക്ക് ലഭ്യമാക്കുക, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ഇളവുകളും ആവശ്യാനുസരണം വീടുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക, യൂസർ ഫീ പിരിക്കുന്നതിന് ക്രമീകരണം ഉണ്ടാക്കുക തുടങ്ങിയ ഹരിത സഹായ സ്ഥാപനത്തിന്റെ 15 ചുമതലകൾ കരാറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
നാളിതു വരെയായി ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് നിലവിൽ വന്നിട്ടില്ല. ഹരിതസഹായ സ്ഥാപനം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

### 1-23-2 മുഴുവൻ ഭവനങ്ങളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

സഞ്ചയയിലെ ഡാറ്റ പ്രകാരം 11,545 ഗാർഹിക കെട്ടിടങ്ങളും 2006 ഗാർഹികേതര കെട്ടിടങ്ങളും ഉണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട IRTC യുടെ ഫെബ്രുവരി മാസത്തെ പ്രവർത്തന റിപ്പോർട്ടിൽ 4,559 വീടുകളിൽ പോയതിൽ 932 വീടുകളിൽ നിന്ന് മാത്രമാണ് യൂസർ ഫീ ലഭ്യമായിട്ടുള്ളത്. ശരാശരി 50,000 രൂപ മാത്രമാണ് യൂസർ ഫീ ഇനത്തിൽ പ്രതിമാസം ലഭ്യമാകുന്നത്.
മുഴുവൻ ഭവനങ്ങളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ലഭ്യമാക്കുവാൻ ഹരിതസഹായ സ്ഥാപനം മുൻകൈ എടുക്കേണ്ടതാണ്.

### 1-23-3 ഐ.ആർ.ടി.സി ക്ക് നൽകിയ തുകയിൽ നിന്നും ജി എസ് ടി- ടി ഡി എസ് നടത്തിയില്ല

കരാർ പ്രകാരം കൺസൾട്ടേഷൻ ഫീ ഇനത്തിൽ 2,61,084/- രൂപയാണ് വർഷത്തിൽ IRTC ക്ക് കൈമാറേണ്ടത്. സാമ്പത്തിക വർഷത്തിൽ 1,20,000/- രൂപ IRTC ക്ക് നൽകിയിട്ടുണ്ട്. കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ/പ്രവർത്തികളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക നൽകുമ്പോൾ ജി.എസ്.ടി-ടി.ഡി.എസ് നടത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.27/27-9-22) മറുപടി

ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വിട്ടുപോയാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ബിൽ തുക നൽകുമ്പോൾ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-24 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മ സേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 47.43 ച.മീ വിസ്തൃതിയുള്ള എം.സി.എഫ് ന് 775000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയിൽ ഭേദഗതി വരുത്താമെന്നും സർക്കാർ നിർദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ് ) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

### ഗ്രാമപഞ്ചായത്തിലെ എം.സി.എഫ് സംവിധാനം

മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന സ്ഥിരമായ എം.സി.എഫ് നാളിതുവരെ ഗ്രാമപഞ്ചായത്തിൽ സജ്ജീകരിച്ചിട്ടില്ല. ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി പഞ്ചായത്ത് കോമ്പൗണ്ടിനകത്തെ താൽക്കാലിക എം.സി.എഫ് സംവിധാനത്തിലാണ് സൂക്ഷിച്ചുവരുന്നത്. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളൊന്നും ഇവിടെ ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 19 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

### ഹരിതകർമ്മസേനയുടെ പ്രവർത്തനം

യൂസർ ഫീ ഇനത്തിൽ ശരാശരി 50000 രൂപ മാത്രമാണ് നിലവിൽ ലഭ്യമാകുന്നത്. ശരാശരി 10% വീടുകളിൽ നിന്നുമാത്രമാണ് യൂസർ ഫീ ലഭ്യമാകുന്നത്. 21-22 ൽ പ്രതിമാസം ശരാശരി 2000 രൂപ വീതം മാത്രമാണ് അംഗങ്ങൾക്ക് യൂസർഫീയിൽ നിന്നും വേതനം ലഭ്യമായിട്ടുള്ളത്. വി.ജി.എഫ് ഇനത്തിൽ പഞ്ചായത്ത് 343910 രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുവെ, പരിമിതമായ തുകയാണ് അംഗങ്ങൾക്ക് ലഭിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 01.07.2021 മുതൽക്കാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 19 വാർഡുകളിലായി നിലവിൽ 24 ഹരിതകർമ്മസേനാംഗങ്ങൾ ആണുള്ളത്. ജി.ഒ(ആർ.ടി)നം.18/ 20201/ തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ PAN/7422/ 2022-C3(DP)/27.05.22 നം. നടപടിക്രമം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എം.സി.എഫിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീട്ടിൽനിന്നും പ്രതിമാസം 50 രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100 രൂപ നിരക്കിലും യൂസർ ഫീയിനത്തിൽ ഈടാക്കി വരുന്നുണ്ട്. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഒറ്റപ്പാലം ശാഖയിലെ അക്കൗണ്ട് (അക്കൗണ്ട് നം.714702010007447) 24.03.21-ൽ ആരംഭിച്ചിട്ടുണ്ട്. 16.09.22-ൽ ബാങ്ക് അക്കൗണ്ടിൽ 5439 രൂപയുടെ നീക്കിയിരിപ്പ് മാത്രമാണുള്ളത്.

### മാലിന്യം കയ്യൊഴിക്കുന്നതിനായി തനതുഫണ്ടിൽ നിന്നുള്ള ചെലവ്

ഹരിതകർമ്മസേനാംഗങ്ങൾ കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ടതും ആയവ കയ്യൊഴിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായോ മറ്റേതെങ്കിലും ഏജൻസിയുമായോ കരാറിൽ ഒപ്പുവയ്ക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ ഏതെങ്കിലും ഏജൻസിയുമായി കരാർ ഒപ്പുവച്ചതിന് രേഖകൾ ഇല്ല.

2021-22 സാമ്പത്തിക വർഷത്തിൽ മാലിന്യം കയ്യൊഴിയുന്നതിനായി മുസ്തഫ, ഓറിയോ ഇൻഡസ്ട്രീസ് എന്നയാൾക്ക് 10560 (വൗച്ചർ നം. 22100719/25.01.22) രൂപ നൽകിയതായി തനത് ഫണ്ട് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. തുടർന്ന്, കൈരളി പ്ലാസ്റ്റിക്സ് കട്ടിംഗ് ആന്റ് പ്ലാസ്റ്റിക്സ്, നിയർ, കിൻഫ്ര, ലെക്കിടി എന്ന സ്ഥാപനം 7 ടണ്ണിലധികം മാലിന്യം എം.സി.എഫിൽ നിന്നും മാലിന്യം കൊണ്ടു പോയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അറിയിച്ചു. ഈ സ്ഥാപനവുമായി ഒപ്പുവെച്ച കരാർ ലഭ്യമായിട്ടില്ല.

പുനരുപയോഗ സാധ്യതയുള്ള പ്ലാസ്റ്റിക്ക് കൂടി കയ്യൊഴിക്കുന്ന പ്ലാസ്റ്റിക്കിൽ ഉണ്ടെങ്കിലും ഹരിതകർമ്മസേനയ്ക്ക് യാതൊരു തുകയും വരവായി ഉണ്ടായിട്ടില്ല.

ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യം താത്ക്കാലിക എം.സി.എഫിലേക്ക് എത്തിക്കുന്നതിനുള്ള വാഹന വാടകയായി 20000 രൂപയും തനതുഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്.

സ്ഥിരമായ എം.സി.എഫ് നിർമ്മാണം സാധ്യമാകാത്തതിന്റെ കാരണം, പുനരുപയോഗ സാധ്യതയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് കയ്യൊഴിക്കാതിരുന്ന തിനുള്ള കാരണം, മാലിന്യ നീക്കത്തിനായി മുസ്തഫ, ഓറിയോ ഇൻഡസ്ട്രീസ് എന്നയാളുമായും കൈരളി പ്ലാസ്റ്റിക്സ് കട്ടിംഗ് ആന്റ് പ്ലാസ്റ്റിക്സ്, നിയർ, കിൻഫ്ര, ലെക്കിടി എന്നിവരുമായി ഒപ്പുവെച്ച കരാർ, ഗ്രാമപഞ്ചായത്ത് തീരുമാനം എന്നിവ ഓഡിറ്റ് അന്വേഷണം നം. 28/27.09.22 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

1. അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി സ്ഥിരമായ എം.സി.എഫ് നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

2. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനകൾ വെവ്വേറെ തരംതിരിച്ച് ശേഖരിച്ച് എം സി എഫിൽ എത്തിക്കുന്നതിനും എം സി എഫിൽ ഇവ തരംതിരിച്ച് സൂക്ഷിക്കുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

3. ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കളും അജൈവമാലിന്യങ്ങളും അംഗീകൃത പുന:ചക്രമണ ഏജൻസിയ്ക്ക് കൈമാറുന്നതിനും ഉചിതമായ സംസ്കരണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മാലിന്യസംസ്കരണത്തിനായി സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

5. യൂസർഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 101/22, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 12,50,000<br>3,12,500 (പൊതു വിഭാഗം) +3,12,500 (സംസ്ഥാനാവിഷ്കൃതം)<br>+ 6,25,000 (മറ്റുള്ളവ) |
| ചെലവ് | 3,12,500(പൊതു വിഭാഗം) |
| ബിൽ നം, തീയതി | 6/25-3-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം

വികസന ഫണ്ടിൽ നിന്നും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം.714021400000008) 3,12,500/- രൂപ 25-3-22 ന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.9, 24-9-22 ന് മറുപടി ലഭ്യമായില്ല.

## 1-26 സുഭിക്ഷകേരളം പദ്ധതി-തരിശു ഭൂമി കൃഷി പ്രോത്സാഹനം- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പേര് | 105/22, തരിശു ഭൂമി കൃഷി പ്രോത്സാഹനം |
| അടങ്കൽ | 1,00,000(തനത് ഫണ്ട്) |
| ചെലവ് | 80,280 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

കോവിഡിന്റെ പശ്ചാത്തലത്തിൽ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക, ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 29.05.20-ലെ സ.ഉ(സാധാ)നം.1009/2020/ത.സ്വ.ഭ.വ പ്രകാരം സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പതിമൂന്നാം പദ്ധതിയുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 യിൽ ആയതനുസരിച്ച് ഭേദഗതികളും വരുത്തിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡികകൾ പ്രകാരം തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഖണ്ഡിക 6.1.6 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. ആനുകൂല്യം രണ്ടുതവണകളായി നൽകാവുന്നതാണ്. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കു ശേഷവും. കൃഷി ഓഫീസർ നടപ്പിലാക്കിയ തരിശു ഭൂമി കൃഷി പ്രോത്സാഹനം എന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. തരിശു ഭൂമി സംബന്ധിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7/24-9-22) മറുപടിയായി തരിശു ഭൂമി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുകയും മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് പ്രവർത്തി - വിനിയോഗ വിവരം ഹാജരാക്കിയില്ല

താഴെ ചേർക്കുന്ന പ്രവർത്തികൾക്കായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ വിവരം ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ, ചെലവ് | ഫണ്ടിനം | സാങ്ഷൻ ഓർഡർ നം., തീയതി, തുക | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ സ്ഥാപനം, കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | 177/22-റോഡിൽ തടസ്സമായി നിൽക്കുന്ന വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, | 500000, 261953 | 200000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 61593- | 262/ 11.02.22, 78917 28719.02.22, | കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, |

| | | | | | |
|---|---|---|---|---|---|
| | | | തനത് ഫണ്ട് | 121083<br>288/19.02.22<br>61953 | പത്തിരിപ്പാല -78917<br>കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ലക്കിടി-183036 |
| 2. | 222/22, വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 297449, 297449 | 291919- വികസന ഫണ്ട് ജനറൽ, 5530 - തനത് ഫണ്ട് | 291919-346/ 15.03.22, 5530-347 15.03.22 | " കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പത്തിരിപ്പാല |

ഓഡിറ്റ് അന്വേഷണം (നം.4/24.09.22) മുഖേന വിനിയോഗ വിവരം ആവശ്യപ്പെട്ടതിന് കെ എസ് ഇ ബി ലക്കിടി യിലേക്ക് കൈമാറിയ 183036/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, തുക വിനിയോഗിച്ചില്ലെങ്കിൽ തിരികെ ഈടാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-28 CPRCS മുഖേന കമ്പ്യൂട്ടർ, സ്കാനർ വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് | അടങ്കൽ | സാങ്ഷൻ ഓർഡർ നം./തീയതി/ തുക | ഉപകരണം |
|---|---|---|---|
| 208/22-ബാലവിഹാർ കെട്ടിടത്തിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി | 300000 (100000- തനത് ഫണ്ട്, 200000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 365/17.03.22, 57147 | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ (പ്രോഫോമ ഇൻവോയ്സ് നം. 36454/20-21 /16.03.22) |
| 163/22, പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവത്ക്കരണം<br>നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി | 396768 (തനത് ഫണ്ട്) | 164/30.12.21, 96949 | A3-sheeted Scanner (വർക്ക് ഓർഡർ നം. 30625/ Dated Nil) |

മേൽ പ്രൊജക്ടുകൾ പ്രകാരം CPRCS മുഖേന ഡെസ്ക്ടോപ്പ്, എ3-സ്കാനർ എന്നിവ വാങ്ങുന്നതിനായി

കേരള സ്റ്റേറ്റ് ഐ ടി മിഷന് (ട്രഷറി അക്കൗണ്ട് നം. 799011400003959) തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടി ചെലവു ചെയ്ത 1,54,096/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം.14/26.09.21) ഉപകരണങ്ങൾ സ്റ്റോക്കിലില്ല എന്ന് കെൽട്രോൺ അറിയിച്ചതിനെ തുടർന്ന് ഓർഡർ റദ്ദാക്കി തുക തിരികെ ലഭ്യമാക്കുവാൻ 19.08.22-ന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 ലൈഫ് മിഷൻ- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ-ജനറൽ, എസ്.സി വിഭാഗത്തിൽ താഴെ പറയുന്ന പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

എ) ലൈഫ് മിഷൻ ഭവനം – ജനറൽ

| | |
|---|---|
| പ്രൊജക്റ്റ് | 16/22-ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ |
| അടങ്കൽ | 2,00,00,000<br>41,25,000(വികസന ഫണ്ട്, ജനറൽ)+78,75,000(സംസ്ഥാനാവിഷ്കൃതം)+ 40,00,000(ബ്ലോക്ക് പഞ്ചായത്ത്)+40,00,000(ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 35,60,000<br>33,60,000(വികസന ഫണ്ട്, ജനറൽ)+2,00,000(സംസ്ഥാനാവിഷ്കൃതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

ബി) ലൈഫ് മിഷൻ ഭവനം – എസ് സി പി

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 19/22, ലൈഫ് മിഷൻ ഭവന നിർമ്മാണം, പട്ടിക ജാതി |
| അടങ്കൽ | 2,64,00,000<br>38,73,500(SCP)+1,00,00,000(സംസ്ഥാനാവിഷ്കൃതം)+ 40,79,000(ബ്ലോക്ക് പഞ്ചായത്ത്)+40,00,000(ജില്ലാ പഞ്ചായത്ത്)+44,47,500(മറ്റുള്ളവ) |
| ചെലവ് | 1,23,13,500<br>38,73,500(SCP)<br>+74,40,000(സംസ്ഥാനാവിഷ്കൃതം)<br>+10,00,000(ബ്ലോക്ക് പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

## 1-29-1 ജനറൽ വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ

പ്രൊജക്റ്റിന്റെ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ഇതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | രജിസ്റ്ററിലെ പേജ് നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | 295 | ഗിരിജ, W/o മഹേഷ് കുമാർ, പള്ളിയാലിൽ, മംഗലം | 3,00,000 | 1,00,000 |
| 2 | 311 | ആയിഷ W/o മുഹമ്മദ് ഹനീഫ, മണൽ പുറത്ത്, മംഗലം | 2,60,000 | 1,40,000 |

1-29-2 എസ്.സി വിഭാഗത്തിൽ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | നൽകാനുള്ള തുക |
|---|---|---|---|---|
| 1 | 313 | ജ്യോതി ശശി, ഉണ്ണത്ത് പടി, അകലൂർ | 3,60,000 | 40,000 |
| 2 | 315 | രാധ, കുഞ്ഞൻ, കതിർ പറമ്പ്, മംഗലം | 3,60,000 | 40,000 |
| 3. | 33 | സുശീല W/o ഉണ്ണി, കുണ്ടുകാട്ടിൽ, അകലൂർ | 2,60,000 | 1,40,000 |
| 4 | 39 | കുറുമ്പ W/o വേലായുധൻ, കതിർ പറമ്പ്, അകലൂർ | 3,60,000 | 40,000 |
| 5 | 55 | ശാന്ത, W/o കുമാരൻ, പഴുക്കാട്ടു പറമ്പ്, മംഗലം | 2,60,000 | 1,40,000 |
| 6 | 73 | രാധിക W/o മോഹൻദാസ്, തെക്കേ പുരക്കൽ, മംഗലം | 3,20,000 | 80,000 |
| 7 | 77 | ശ്രീജ, W/o ഷിബു, അകലൂർ | 3,60,000 | 40,000 |
| 8 | 85 | മുണ്ടിച്ചി W/o ചാമി, കഞ്ഞികുളത്ത്, മംഗലം | 3,60,000 | 40,000 |
| 9 | 91 | ദേവു, W/o അയ്യപ്പൻ, കതിർ പറമ്പ്, മംഗലം | 3,60,000 | 40,000 |
| 10 | 93 | ശോഭന, W/o കുമാരൻ, പഴുക്കാട്ടു പറമ്പ്, മംഗലം | 2,60,000 | 1,40,000 |
| 11 | 103 | ലത, W/o രാമൻ, ഉണ്ണത്ത് പടി, അകലൂർ | 40,000 | 3,60,000 |

മേൽ ഭവനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(26/27-9-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭവനനിർമ്മാണം പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 വൃദ്ധർക്ക് കട്ടിൽ - ജി എസ് ടി- ടി ഡി എസ് ചെയ്തില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 34/22-വൃദ്ധർക്ക് കട്ടിൽ |
| അടങ്കൽ | 3,30,600(വികസന ഫണ്ട്) |
| ചെലവ് | 3,26,800 |
| ബിൽ നം, തീയതി | 13/18-1-22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർ വൈസർ |

4300 രൂപ നിരക്കിൽ 76 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വിതരണം ചെയ്യുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേരള ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1) എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരവും 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ, തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡിഡിഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ ICDS സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പ്രൊജക്റ്റ് പ്രകാരം ആർട്ട്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽപറഞ്ഞ വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10, 24-9-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി.ഡി.എസ് നടത്തുന്നതിൽ വീഴ്ച വരുത്തിയിൽ നിയമാനുസൃത പിഴ ഒടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ബാധ്യസ്ഥമാകും എന്നതിനാൽ ബില്ലുകൾ നൽകുമ്പോൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-31 പി എം എ വൈ- വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതം(ജനറൽ) ബ്ലോക്കിലേക്ക് കൈമാറൽ പദ്ധതികൾ പ്രകാരം പ്രധാന മന്ത്രി ആവാസ് യോജന പദ്ധതിയിലേക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1-31-1 പി എം എ വൈ പദ്ധതി - ഗ്രാമപഞ്ചായത്തിന്റെ വിഹിതം ബ്ലോക്കിലേക്ക് കൈമാറൽ- വിനിയോഗ രേഖകൾ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 184/22, ഗ്രാമപഞ്ചായത്തിന്റെ വിഹിതം(ജനറൽ) ബ്ലോക്കിലേക്ക് കൈമാറൽ |
| അടങ്കൽ | 4,90,000<br>4,20,000-(FC)+70,000(തനത് ഫണ്ട്) |
| ചെലവ് | 4,90,000 |

| | |
|---|---|
| അക്കൗണ്ട് നം, തീയതി | 40268101058855, IFSC- KLGB0040268 തീയതി-23-2-22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി ഇ ഒ |

മേൽ പദ്ധതി പ്രകാരം 23-2-22 ന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 40268101058855 (IFSC-KLGB0040268 നമ്പർ അക്കൗണ്ടിലേക്ക് പി എം എ വൈ, ഗ്രാമപഞ്ചായത്ത് വിഹിതമായി 4,90,000/- രൂപ കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-31-2 ഐ.എ.വൈ ഭവനം - ഗ്രാമപഞ്ചായത്തിന്റെ വിഹിതം(എസ് സി) ബ്ലോക്കിലേക്ക് കൈമാറൽ - വിനിയോഗ രേഖകൽ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 183/22, ഗ്രാമപഞ്ചായത്തിന്റെ വിഹിതം (എസ് സി) ബ്ലോക്കിലേക്ക് കൈമാറൽ |
| അടങ്കൽ | 4,95,000<br>4,50,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+45,000(തനത് ഫണ്ട്) |
| ചെലവ് | 4,95,000<br>4,50,000(CFC)+45,000(തനത് ഫണ്ട്) |
| അക്കൗണ്ട് നം, തീയതി | 40268101058855, IFSC- KLGB0040268 തീയതി-23-2-22 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി ഇ ഒ |

മേൽ പദ്ധതി പ്രകാരം 23-2-22 ന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 40268101058855(IFSC-KLGB0040268) നമ്പർ അക്കൗണ്ടിലേക്ക് പി എം എ വൈ, ഗ്രാമപഞ്ചായത്ത് വിഹിതമായി 4,95,000/- രൂപ കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-32 അങ്കണവാടി പോഷകാഹാരം- ജി എസ് ടി- ടി ഡി എസ് ചെയ്തില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പ്രൊജക്റ്റ് പ്രകാരം ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി- ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി. പ്രൊജക്റ്റിന്റെ വിശദാംശം.

| | |
|---|---|
| പ്രൊജക്റ്റ് | 15/22-അങ്കണവാടി പോഷകാഹാരം, ജനറൽ |
| അടങ്കൽ | 33,29,000<br>18,29,000(പൊതുവിഭാഗം)+15,00,000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 28,57,549<br>((18,28,084(പൊതുവിഭാഗം)+10,29,465(കേന്ദ്രാവിഷ്കൃതം)) |
| ബിൽ നം, തീയതി, തുക | 1/15-7-21 (9,99,049) (കിഡ്സ് ലവർ അമൃത ഫുഡ്സ് കുടുംബ ശ്രീ യൂണിറ്റ്-8,94,832+ ഒറ്റപ്പാലം കൊ-ഓപ്പറേറ്റീവ് മാർക്കറ്റിങ് സൊസൈറ്റി-1,04,217)<br>2/6-8-21(3,94,355) (കിഡ്സ് ലവർ അമൃത ഫുഡ്സ് കുടുംബ ശ്രീ യൂണിറ്റ്-1,53,552+ഒറ്റപ്പാലം കൊ-ഓപ്പറേറ്റീവ് മാർക്കറ്റിങ് സൊസൈറ്റി-1,88,484+സിവിൽ സപ്ലൈസ്-52,319)<br>6/12-7-21 (4,34,680)(കിഡ്സ് ലവർ അമൃത ഫുഡ്സ് കുടുംബ ശ്രീ യൂണിറ്റ്-2,93,178+ ഒറ്റപ്പാലം കൊ-ഓപ്പറേറ്റീവ് മാർക്കറ്റിങ് സൊസൈറ്റി-1,41,502) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സെൻട്രൽ ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേരള ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം.

65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ) പ്രോജക്റ്റ് പ്രകാരം 1) കിഡ്സ് ലവർ അമൃത ഫുഡ്സ് കുടുംബ ശ്രീ യൂണിറ്റ്, കണ്ണിയംപുറം പി.ഒ, ഒറ്റപ്പാലം, പാലക്കാട്-679104, 2) ഒറ്റപ്പാലം കൊ-ഓപ്പറേറ്റീവ് മാർക്കറ്റിങ് സൊസൈറ്റി, ടി ബി റോഡ്, ഒറ്റപ്പാലം, പാലക്കാട്-679101 എന്നീ സ്ഥാപനങ്ങളുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല.

വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് അയച്ച 18-8-21 ലെ ഐസിഡിഎസ് ബി.3/13220/21 നം കത്ത് പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി എസ് ടി ഉൾപ്പെടെയാണ് 73.50 രൂപ നിശ്ചയിച്ചിട്ടുള്ളതെന്നും കേന്ദ്രസർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാകുന്നതു വരെ ജി എസ് ടി ബാധകമായിരിക്കുമെന്നും അറിയിച്ചിരുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.8, 24-9-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ സ്രോതസ്സിൽ നിന്നും തുക കിഴിവ് ചെയ്ത് മാത്രം തുക അനുവദിക്കേണ്ടതുമാണ്.

1-33 കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി - മോണിറ്ററിംഗ് നടത്തേണ്ടതാണ്

പ്രോജക്റ്റ് നം. 200/22 - കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി
നിർവഹണം- ഹെഡ്മാസ്റ്റർ, ജി.എസ്.ബി.എസ് പഴയ ലക്കിടി
അടങ്കൽ - 250000/- (തനത് ഫണ്ട്)
ചെലവ് - 244800/-

മാലിന്യ തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിദ്യാർത്ഥികളിൽ അവബോധം രൂപപ്പെടുത്തുന്നതിനായി പഞ്ചായത്തിന് കീഴിലുള്ള 12 സ്കൂളുകളിൽ 4 ചെറിയ ബിന്നുകൾ സ്ഥാപിക്കുന്നതിലേക്കായി 244800/- രൂപ IRTC മുണ്ടൂരിനു കൈമാറിയിട്ടുണ്ട്.

1. സംസ്ഥാനം, ജില്ലാ, ഉപജില്ലാ തലത്തിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി അതാത് തലത്തിലെ മേലധികാരികൾ വിലയിരുത്തി ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ശുചിത്വ മിഷനിലേക്ക് അയച്ചു നൽകുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂൾ, ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകളില്ല.
2. അതാത് സ്കൂളുകൾ സ്ഥിതി ചെയ്യുന്ന വാർഡിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേന സ്കൂളുകളിലെ മിനി എം സി എഫിൽ നിന്ന് അജൈവ മാലിന്യം ശേഖരിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനും മേൽനോട്ടം വഹിക്കുവാനും ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതിന്റെ വിവരം ലഭ്യമായില്ല.
3. ബിന്നുകൾ നിലവിൽ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/24.09.2022 മറുപടിയായി സ്കൂൾ, ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിഗ് നടത്തുവൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തു ന്നതാണെന്നും മാലിന്യ സംസ്കരണം ഉറപ്പുവരുത്തുമെന്നും അറിയിച്ചിട്ടുണ്ട്. കളക്ടേഴ്സിന്റെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

1-34 ഹോമിയോ ഡിസ്പെൻസറി-പ്രിന്റർ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു.

ഹോമിയോ ഡിസ്പെൻസറി ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനു വേണ്ടി മെഡിക്കൽ ഓഫീസർ (ഹോമിയോ) താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

പ്രോജക്ട് നം: 213/22

അടങ്കൽ: 100000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ്: 92821/- (Ref No: 2121025201540119904 4 Dtd 17/2/2022).

മേൽ പ്രൊജക്ട് പ്രകാരം CPRCS-ൽ നിന്നും ഹോമിയോ ഡിസ്പെൻസറി ഓഫീസിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി 20018/- രൂപ ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും പ്രിന്റർ ലഭ്യമായിട്ടില്ല. ആയതിനാൽ 20018/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (03/24.09.21) CPRCS സൈറ്റിൽ മൾട്ടി ഫങ്ഷൻ പ്രിന്റർ സ്റ്റോക്കിൽ ഇല്ലാത്തതിനാലാണ് വർക്ക് ഓർഡർ ജനറേറ്റ് ചെയ്യുവാൻ സാധിക്കാതിരുന്നതെന്നും പ്രസ്തുത വിവരം കെൽട്രോണിനെ അറിയിച്ചപ്പോൾ പ്രിന്റർ ലഭ്യമായാൽ ഉടൻ CPRCS സൈറ്റിൽ അപ്ഡേറ്റ് ചെയ്യുമെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രിന്റർ ലഭ്യമായാൽ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-35 ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമായില്ല. തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവഹണം നടത്തിയ മരുന്നു വാങ്ങുന്നതിനുവേണ്ടിയുള്ള പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 14/22-ഹോമിയോ ഡിസ്പെൻസറി മരുന്നു വാങ്ങൽ |
| അടങ്കൽ തുക | 450000/- |
| ചെലവഴിച്ച തുക | 450000/- |
| വിഭാഗം | പൊതു വിഭാഗം |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം ) |
| ട്രഷറി ബിൽ റഫറൻസ് | 4/13-12-2021-350000 രൂപ,<br>5/16-2-2022 – 100000 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| വിതരണ എജൻസി | ഹോംകോ ലിമിറ്റഡ്, ആലപ്പുഴ |
| ടാക്സ് ഇൻവോയിസ് നമ്പർ | P F-1112, 6/12/2021 &<br>P F-1477, 11/02/2022 |
| തുക നൽകിയതിന്റെ വിശദാംശം | അക്കൌണ്ട് നമ്പർ :34306403911<br>1. യു.ടി.ആർ നം : RBI3512106155684 |

| | |
|---|---|
| | തുക: 350000/-<br>2. യു.ടി.ആർ നം: RBI0502215567228<br>തുക: 100000/- |
| വിതരണ എജൻസി തുക കൈപറ്റിയതിന്റെ വിശദാംശങ്ങൾ | റസീപ്റ്റ് നം:<br>5377, തിയതി:02.02.2022<br>& 6109 തിയതി:28.02.2022 |
| വിതരണ എജൻസി ഇതുവരെ ലഭ്യമാക്കിയ മരുന്നുകളുടെ വിശദാംശങ്ങൾ | ബിൽ നം. LF-312, 12/07/222 തുക: 68472 രൂപ |
| ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക | 450000 -68472 = 381528 രൂപ |

പ്രൊജക്ട് പ്രകാരം ചെലവ് ചെയ്ത 450000/-രൂപയിൽ, 381528/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാത്ത സാഹചര്യത്തിൽ, 381528/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/24-9-2022 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

2020-21 വർഷത്തിൽ ലഭ്യമാകേണ്ട മരുന്നുകൾ 2021-2022 ലാണ് ലഭ്യമായത്. ആയതിനാൽ മരുന്നുകൾക്ക് ഇപ്പോൾ ക്ഷാമം ഇല്ല. അത്യാവശ്യ മരുന്നുകൾ വകുപ്പിൽ നിന്ന് ലഭ്യമാകുന്നുണ്ടെന്നും കൂടാതെ എച്ച് എം സി ഫണ്ട് ഉപയോഗപ്പെടുത്താറുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലും ഉണ്ടാകേണ്ടതാണ്.

## 1-36 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ - നേരിട്ടുള്ള വാങ്ങലിൽ അപാകതകൾ

2021-22 വർഷം ഹെഡ്മാസ്റ്റർ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

1. പ്രൊജക്ട് നം./പേര് : 81/22-പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനോപകരണം

അടങ്കൽ : 450000/-വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 248750/-

ബിൽ നം. 6/21-22 തീയതി 28.02.2022

2. പ്രൊജക്ട് നം./പേര് : 82/22-പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം

അടങ്കൽ : 450000/ -വികസന ഫണ്ട് (പൊതുവിഭാഗം & എസ്.സി.പി)

ചെലവ് : 248750/-

ബിൽ നം. 7/21-22 തീയതി 28.02.2022

മേൽ പദ്ധതികൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

GO(Rt)NO:13/2019/SPD Dtd. 02-04-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് നൽകി സാധനങ്ങൾ നേരിട്ടു വിതരണം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത സാധനങ്ങൾ വിതരണം ചെയ്യാവുന്നതല്ല. പട്ടികയിൽ ഉൾപ്പെട്ട സാധനങ്ങൾ സ്ഥാപനം വിതരണം ചെയ്യുകയാണെങ്കിൽ പ്രസ്തുത സാധനങ്ങൾ സ്ഥാപനം നിർമ്മിച്ചതാണെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. സ്ഥാപനം നിർമ്മിക്കാത്ത സാധനങ്ങൾ ടെൻഡർ മുഖേന വാങ്ങേണ്ടതാണ്. സ.ഉ(സാധാ)നം.3299/2016/ത.സ്വ.ഭ.വ തിയതി 02/12/2016 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പും ഇതേ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആർട്ട്കോയിൽ നിന്ന്

മേശ, കസേര എന്നിവ വാങ്ങിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതാണെന്നാണ് പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആർട്ട്കോ ഒരു സർക്കാർ സ്ഥാപനമല്ല.

2. ആർട്ട്കോ G.O(Rt)No:4/2018/SPD Dtd, 02/02/2018 സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ച പ്രൈസ് ലിസ്റ്റിൽ സ്ഥാപനം വാങ്ങിയ മേശ, കസേര എന്നിവ ഉൾപ്പെട്ടിട്ടില്ല.

3. സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെ സപ്ലൈയർമാരുടെ ബില്ലുകളിൽ നിന്ന് 1% തുക വീതം (2%) കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം 14b/26.09.2022 – ന മറുപടിയായി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

25000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ നടത്തുമ്പോൾ GeM പോർട്ടലിൽ നിന്നും വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്. GeM ൽ ഇല്ലാത്ത സാധനങ്ങളാണ് മറ്റ് വാങ്ങൽ രീതികളിലൂടെ വാങ്ങേണ്ടത്. നേരിട്ട് വാങ്ങുമ്പോൾ സ്ഥാപനം ഉത്പാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങരുതെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നാൽ പിഴ ഒടുക്കേണ്ടിവരും എന്നതിനാൽ ബിൽ തുക കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 മെയ്ന്റനൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല

ജി.ഒ(എംഎസ്)നം.330/2004/LSGD തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച മെയ്ന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ആവശ്യമെങ്കിൽ, ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ പത്ത് ശതമാനം തുക പൊതു ആവശ്യ ഗ്രാന്റ് എന്നതു പോലെ ചെലവഴിക്കാവുന്നതാണ്. ആയതിൽ മരുന്നു വാങ്ങലും ഉൾപ്പെടുന്നതാണ്. സർക്കുലർ നം. 75326/FM.1/2007/ത.സ്വ.ഭ.വ 30.1.2008 ൽ ഗ്രാന്റ് വിനിയോഗത്തിനുള്ള നിയന്ത്രണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നുള്ള ചെലവുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 30100000 | 9501261 | 20598739 | 32 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 7622467 | 2922523 | 4699944 | 38 |
| ആകെ | 37722467 | 12423784 | 25298683 | 33 |

എ. റോഡ് മെയ്ന്റനൻസ്

കേവലം 32% മാത്രമാണ് റോഡ് മെയ്ൻനൻസ് ഇനത്തിൽ തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

ഇന്റർലോക്ക് ടൈൽസ് പതിക്കുന്നതിനായി 13 പ്രവൃത്തികൾക്ക് തൻവർഷം നോൺ റോഡ്

മെയ്റ്റനൻസ് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. പഴയ പ്രതലം പൂർണ്ണമായും നീക്കം ചെയ്ത് ഇന്റർലോക്ക് ടൈൽസ് പതിക്കുന്നത്. ആയത് പുതിയ നിർമ്മിതിയല്ല എന്ന് ഉറപ്പാക്കിമാത്രമാണ് മെയ്റ്റനൻസ് ഗ്രാന്റ് വകയിരുത്തേണ്ടത്. ഇന്റൽ ലോക്ക് ടൈൽസ് പതിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോൾ അനുയോജ്യമായ മറ്റ് ഫണ്ടുകൾ കൂടി ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടില്ല.

പുതിയ നിർമ്മിതികൾ അല്ല എന്ന് ഉറപ്പാക്കിയാണോ ടൈൽസ് പതിക്കുന്നത് എന്നതിൽ വ്യക്തത വരുത്തേണ്ടതാണ്.

തുകയുടെ വിനിയോഗം കുറഞ്ഞതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ബി. നോൺ റോഡ് മെയ്റ്റനൻസ്

നോൺറോഡ് മെയ്റ്റനൻസ് ഇനത്തിൽ 38% മാത്രമാണ് തൻവർഷത്തെ വിനിയോഗം. കൈമാറിക്കിട്ടിയ ആസ്തികളുടെ പരിപാലനത്തിന് മുൻഗണന നൽകുന്നതിനായി ലഭ്യമാകുന്ന ഫണ്ടിൽ നിന്നും തൻവർഷം തുച്ഛമായ തുക മാത്രമാണ് ആസ്തികളുടെ പരിപാലനത്തിനായി ചെലവഴിച്ചിട്ടുള്ളത്.

| ചെലവിനം | വിനിയോഗിച്ച തുക |
|---|---|
| മരുന്ന് വാങ്ങൽ | 1340000 |
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഫോൺ ചാർജ്, വൈദ്യുതി ചാർജ് | 399854 |
| സാധന സാമഗ്രികൾ വാങ്ങൽ | 775493 |
| ആസ്തികളുടെ പരിപാലനം (2 പ്രോജക്റ്റുകൾ) | 407176 |
| ആകെ | 2922523 |

ആസ്തികളുടെ പരിപാലനത്തിനായി കേവലം രണ്ട് പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. അങ്കണവാടി, ആശുപത്രി എന്നിവയുടെ പരിപാലനത്തിനായി ആവിഷ്കരിച്ച പല പദ്ധതികളും തൻവർഷം നടപ്പാക്കിയതായി കാണുന്നില്ല. തുകകളുടെ സമയബന്ധിതമായ വിനിയോഗം ഉറപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

സി. തനത് ആസ്തികളുടെ സംരക്ഷണത്തിനായി മെയ്റ്റനൻസ് ഫണ്ട് വകയിരുത്തുന്നു

പഞ്ചായത്ത് മൈതാനം പുനരുദ്ധാരണം എന്ന പ്രോജക്റ്റ് പ്രകാരം(നം. 215/22) മെയ്റ്റനൻസ് ഗ്രാന്റിൽ നിന്നും 1533000 രൂപ വകയിരുത്തിയിട്ടുണ്ട്. തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

തനത് ആസ്തികളുടെ സംരക്ഷണത്തിനായി മെയ്റ്റനൻസ് ഗ്രാന്റ് വകയിരുത്തുവാൻ പാടുള്ളതല്ലെന്ന വ്യവസ്ഥ നിലനിൽക്കെ ഇത്തരത്തിൽ മെയ്റ്റനൻസ് ഗ്രാന്റ് വകയിരുത്തുവാനിടയാക്കിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

ഡി. മെയ്റ്റനൻസ് പ്ലാൻ

പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള മെയ്റ്റനൻസ് പ്ലാൻ ഹാജരാക്കിയിട്ടില്ല. മേൽ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/26-9-22 ന് മറുപടി ലഭ്യമായില്ല. മെയ്റ്റനൻസ് ഗ്രാന്റിന്റെ വിനിയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-38 ടാർ ബാരലുകളുടെ വിലയോടൊപ്പം ഈടാക്കിയ ജി.എസ്.ടി ഒടുക്കിയില്ല

2021-22 വർഷത്തിൽ പൂർത്തീകരിച്ച 13 ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 41269 രൂപ ടാർ ബാരലുകളുടെ വിലയായി ഈടാക്കുകയും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ഗ്രാമപഞ്ചായത്തിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടിയിനത്തിലെ ഇതിൽ 6295 രൂപ കൂടി ഇതിൽ ഉൾപ്പെടുന്നുണ്ട്. ടാർ ബാരലിന്റെ തുകയും ജി.എസ്.ടിയും പ്രത്യേകം വേർതരിച്ച കാണിക്കാതെയാണ് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. ആയതിനാൽ കേന്ദ്ര-

സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ട തുക ഒടുക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി വിലയിരുത്തുന്നു. ജി.എസ്.ടി തുക സർക്കാരിലേക്ക് ഒടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24(1)/27-9-22 ന് മറുപടി ലഭ്യമായില്ല.

1-39 ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിൽ അപാകത

2021-22 വർഷത്തിൽ അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിച്ചതിൽ ബില്ലിൽ നിന്നും ഈടാക്കേണ്ട ജി.എസ്.ടി ടി.ഡി.എസ് സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം അല്ല ഈടാക്കിയതെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സർക്കുലർ നം. 18/2019/Fin തിയതി 1-3-2019 പ്രകാരം ധനകാര്യ വകുപ്പ് നൽകിയ സ്പഷ്ടീകരണത്തിൽ ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തേണ്ടതെന്ന് വ്യക്തമാക്കിയിരുന്നു. അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ യഥാർത്ഥ പ്രവൃത്തി മൂല്യത്തോടൊപ്പം ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയതിനുശേഷമുള്ള തുകയിൽ നിന്നാണ് 2% GST TDS നടത്തിയിട്ടുള്ളത്.

ഉദാ. 156/21-ചുണ്ടേക്കാട് കോളനി പള്ളി റോഡ് നവീകരണം

അടങ്കൽ - 400000

കരാറുകാരൻ - ശ്രീ.ശ്രീകണ്ഠൻ.കെ

പ്രവൃത്തി മൂല്യം - 357143

+ GST 12% - 42857

ആകെ - 400000

GST TDS ആയി കുറവു ചെയ്ത തുക (2%) - 4000 രൂപ

യഥാർത്ഥത്തിൽ കുറവു ചെയ്യേണ്ടിയിരുന്നത് - 3571 രൂപ

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24(2)/27-9-22 ന് മറുപടി ലഭ്യമായില്ല.

മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-40 ഭഗവതി ബസ് സ്റ്റോപ്പ് റെയിൽവേ ട്രാക്ക് റോഡ് സംരക്ഷണഭിത്തി - തർക്കം നിലനിൽക്കുന്ന സ്ഥലത്ത് പ്രവൃത്തി ഏറ്റെടുത്തു

പ്രൊ.നം.107/20

അടങ്കൽ - 200000 (എം.ജി-റോഡ്)

എഗ്രിമെന്റ് നം. - 86/31-3-20

കരാർ കാലാവധി - 6 മാസം

കരാറുകാരൻ - ശ്രീ.പ്രസാദ്.കെ

അളവു പുസ്തകം നം. 50/20-21

ചെലവ് - 192485 ( 14/13-10-21)

30-9-2020 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 20-2-2021 നാണ് പൂർത്തീകരിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

10-6-2020 ന് കരാറുകാരൻ അസി.എഞ്ചിനിയർക്ക് നൽകിയ കത്തിൽ പ്രവൃത്തി സ്ഥലവുമായി ബന്ധപ്പെട്ട തർക്കം നില നിൽക്കുന്നതിനാൽ പ്രശ്നം പരിഹരിച്ചാൽ മാത്രമേ പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുള്ളൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 27-12-20 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയ ശുപാർശയിൽ അസി.എഞ്ചിനിയർ ഒപ്പു വെച്ചിട്ടില്ല.

9-10-20 ന് കരാറുകാരൻ രണ്ടാമതായി നൽകിയ കത്തിൽ കാലവർഷം കഴിഞ്ഞു മാത്രമേ പ്രവൃത്തി തുടങ്ങുവാൻ സാധിക്കുകയുള്ളൂ എന്ന കാരണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പരിഗണിച്ച് 27- 2-21 വരെ പൂർത്തീകരണ കാലാവധി വീണ്ടു ദീർഘിപ്പിച്ചു നൽകി.

മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിക്കുന്നതിനുമുമ്പായി പദ്ധതി പ്രദേശത്ത് പ്രവൃത്തി നിർവ്വഹിക്കുന്നതിനായുള്ള നിയമപരമായ സാധുതയുള്ളതാണെന്ന് ഉറപ്പാക്കാതിരുന്ന തിനാലാണ് മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുവാൻ സാധിക്കാതിരുന്നതെന്ന് വിലയിരുത്തുന്നു.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24(3)/27-9-22 ന് മറുപടി ലഭ്യമായില്ല.

പദ്ധതി പ്രദേശത്തിന്റെ ലഭ്യത ഉറപ്പാക്കി മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2021-22 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 5061 കുടുംബങ്ങൾ രജിസ്റ്റർ ചെയ്യുകയും 5061 കുടുംബങ്ങൾക്കും തൊഴിൽ കാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 113 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. 2021-22 ൽ 534 പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും മുഴവൻ പദ്ധതികളും നടപ്പിലാക്കുകയും 85 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 36817000 രൂപ പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. 4-3-22 ന് സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

നടപ്പിലാക്കിയ പ്രവൃത്തികളുടെയും ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ചെറുകിട ജലസേചനം | 59 | 4112121 |
| വ്യക്തിഗതം | 457 | 13296590 |
| വാട്ടർ കൺസർവേഷൻ | 9 | 838080 |
| വാട്ടർ ഹാർവെസ്റ്റിങ് | 0 | 0 |
| റോഡു നിർമ്മാണം | 9 | 148701 |

ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവർത്തികൾ പൂർത്തീകരിക്കുവാനും പരമാവധി കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-42 ILGMS ൽ തനത് ഫണ്ട് ചെലവിന്റെ ഡിജിറ്റൽ രേഖകളുടെ പരിശോധനയ്ക്ക് ആവശ്യമായ എല്ലാ രേഖകളും ലഭ്യമല്ല

സേവനങ്ങൾ നൽകുന്നതിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും, കൃത്യതയും, സമയ ക്ലിപ്തതയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇൻഫർമേഷൻ കേരളമിഷൻ വികസിപ്പിച്ച *ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS)* എന്ന സമഗ്ര സോഫ്റ്റ്‌വെയർ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ളത്. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ 25-9-2020 തിയതി മുതൽക്കാണ് ILGMS മുഖേന ഫയലുകളും കണക്കുകളും കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുള്ളത്. 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തനത് ഫണ്ടിന്റെ ചെലവ് രേഖകൾ ILGMS ൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള ലോഗിൻ ഉപയോഗിച്ചാണ് പരിശോധിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഡിജിറ്റലൈസേഷനും രേഖകളുടെ ഓൺലൈൻ പരിശോധനയും

നിലവിൽ തനത് ഫണ്ട് രേഖകൾ സ്കാൻ ചെയ്ത് വെബ് അധിഷ്ഠിതമായാണ് സൂക്ഷിക്കുന്നത്.

ILGMS മുഖേന തനത് ഫണ്ടിന്റെ ഡിജിറ്റൽ രേഖകളുടെ പരിശോധന-അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും ശമ്പളവും അലവൻസുകളും

ബത്തകളും ഓൺലൈൻ ആയി ഓഡിറ്റ് ചെയ്യുന്നതിനുള്ള സാധ്യത എത്രത്തോളമാണെന്ന് വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ പരിശോധന

സെക്രട്ടറിയുടേയും മറ്റ് സ്ഥിരം ജീവനക്കാരുടേയും എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള 'സ്ഥാപന' സോഫ്റ്റ്‌വെയറാണ് ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതിനായി ഉപയോഗിക്കുന്നത്. സ്ഥാപനയിൽ തയ്യാറാക്കുന്ന ശമ്പള ബില്ലുകൾ ഐ.എൽ.ജി.എം.എസിൽ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നുണ്ട്.

ഓൺലൈൻ ഓഡിറ്റ് - ബില്ലുകൾ ഓൺലൈൻ ആയി പരിശോധിക്കാവുന്നതാണ്.

ലോക്കൽ ഓഡിറ്റ് - ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ സർവ്വീസ് പുസ്തകങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യാത്തതിനാൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ഇൻക്രിമെന്റ്, ലീവ്, അറ്റന്റൻസ് മുതലായവയുടെ കൃത്യത പരിശോധിക്കുവാൻ സ്ഥാപനത്തിൽ പോകേണ്ടി വരുന്ന സ്ഥിതിവിശേഷം നിലവിലുണ്ട്.

ഉദാ. കാഞ്ചന.കെ, ജെ.എസ് ന്റെ വാർഷിക ഇൻക്രിമെന്റ് 1-9-2021 ലാണ്. 10/2021 ലെ വൗ.നം. 22100412/4-10-2021 പ്രകാരം അടിസ്ഥാന ശമ്പളം 57900 രൂപയാണ്. ILGMS ൽ ശമ്പള ബിൽ, ശമ്പള പ്രൊസീഡിംഗ്സ് എന്നിവ മാത്രമാണ് അപ്‌ലോഡ് ചെയ്തിട്ടുള്ളത്. ഇൻക്രിമെന്റിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ILGMS ൽ ഇല്ലാത്തതിനാൽ സേവന പുസ്തകം പരിശോധിച്ച് കൃത്യത ഉറപ്പാക്കേണ്ട സാഹചര്യം നിലവിലുണ്ട്.

2. ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീ

പ്രസിഡണ്ടിന്റേയും മറ്റ് അംഗങ്ങളുടേയും ഓണറേറിയവും സിറ്റിംഗ് ഫീയും ഉൾപ്പെടുന്ന പട്ടികകൾ സ്കാൻ ചെയ്ത് വെബ് അധിഷ്ഠിതമായി സൂക്ഷിക്കുന്നുണ്ട്.

ഓൺലൈൻ ഓഡിറ്റ് - ബില്ലുകൾ ഓൺലൈൻ ആയി പരിശോധിക്കാവുന്നതാണ്.

ഭരണസമിതി മിനിട്സ് തയ്യാറാക്കുന്നതിനുള്ള 'സകർമ്മ', ILGMS മായി നേരിട്ട് ബന്ധിപ്പിച്ചിട്ടില്ല എന്ന പരിമിതി നിലവിലുണ്ട്.

സിറ്റിംഗ് ഫീയുടെ കൃത്യത ഉറപ്പാക്കാൻ ഓരോ മീറ്റിംഗിന്റേയും അറ്റന്റൻസ് സകർമ്മയിലുള്ള സിറ്റിസൺ പോർട്ടലിലൂടെ പ്രത്യേകം പരിശോധിക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ട്.

ഉദാ. വൗ.നം.22100009/12-4-21 – സിറ്റിംഗ് ഫീ-ശ്രീ.സുരേഷ്.കെ, പ്രസിഡണ്ട്

ചെലവ് - 250 രൂപ (1 യോഗം)

കൃത്യത ഉറപ്പാക്കുന്നതിനായി മറ്റ് അനുബന്ധ രേഖകളൊന്നും അപ്‌ലോഡ് ചെയ്തിട്ടില്ല.

3. താത്ക്കാലിക/കരാർ ജീവനക്കാരുടെ വേതനം

മസ്റ്റർ റോൾ പ്രകാരം വേതനം അനുവദിച്ചതിന്റെ രേഖകൾ ഐ.എൽ.ജി.എം.എസിൽ ഓൺലൈൻ ആയി സ്റ്റോർ ചെയ്യുന്നുണ്ട്.

ഓൺലൈൻ ഓഡിറ്റ് - മസ്റ്റർ റോളുകൾ ഓൺലൈൻ ആയി പരിശോധിക്കാവുന്നതാണ്.

ലോക്കൽ ഓഡിറ്റ് - ജീവനക്കാരെ നിയമിച്ചതിന്റെ രേഖകൾ, കരാർ വ്യവസ്ഥകൾ, വേതനം നിശ്ചയിച്ചതിന്റെ ഉത്തരവുകൾ മുതലായവ വേറിട്ട് സൂക്ഷിക്കുന്നതിനാൽ സ്ഥാപനത്തിൽ പോയി അത്തരം പരിശോധനകൾ നടത്തേണ്ടി വരുന്നതാണ്.

ഉദാ. മോഹനൻ.എൽ.എ, ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ്

വൗ.നം. 22100013/12-4-21

വേതനം - 11083 (Part Payment)

ILGMS ൽ അപ്‌ലോഡ് ചെയ്ത 3/21 ലെ മസ്റ്റർ റോൾ പ്രകാരം 31 ദിവസത്തേക്ക് 715 രൂപ നിരക്കിൽ 22165

രൂപയാണ് വേതനമായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ വൗച്ചർ പ്രകാരം 11083 രൂപയാണ് നൽകിയിട്ടുള്ളത്. പാർട്ട് ആയി തുക നൽകിയതിന്റെ കാരണം വ്യക്തമാക്കുന്ന രേഖകളില്ല.

4. യാത്രാബത്ത

യാത്രാബത്താ ബില്ലുകൾ, ടൂർ ഡയറി, തീരുമാനം മുതലായ രേഖകൾ ഓൺലൈൻ ആയി സ്റ്റോർ ചെയ്യുന്നുണ്ട്.

ഓൺലൈൻ ഓഡിറ്റ് - ബില്ലുകളും അനുബന്ധ രേഖകളും ഓൺലൈൻ ആയി പരിശോധിക്കാവുന്നതാണ്.

ലോക്കൽ ഓഡിറ്റ് - ഗ്രാമപഞ്ചായത്തുകളിൽ പ്രസിഡണ്ടിന് വാഹനം അനുവദിക്കപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും പലപ്പോഴും ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നുണ്ട്. ഔദ്യോഗിക വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രതിമാസ/ത്രൈമാസ യാത്രാബത്താ പരിധിയുടെ 50% തുകയ്ക്ക് മാത്രമാണ് അർഹതയുള്ളത്. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചാൽ മാത്രമേ ഔദ്യോഗിക വാഹനത്തിൽ യാത്ര നടത്തിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ലോഗ് ബുക്ക് പരിശോധന നടത്തുവാൻ സ്ഥാപനം സന്ദർശിക്കേണ്ടി വരുന്നതാണ്.

ടൂർ ഡയറി അപ്‌ലോഡ് ചെയ്യാത്ത വൗച്ചറുകളും പരിശോധനയിൽ കണ്ടെത്തി.

ഉദാ. വൗ.നം. 22100896/27-3-22 – 1800 രൂപ (മൂന്നു മെമ്പർമാരുടെ യാത്രാബത്ത)

പഞ്ചായത്ത് തീരുമാനം, പരിശീലന ക്ലാസ്സിൽ പങ്കെടുത്തതിന്റെ രേഖ, പ്രൊസീഡിംഗ്സ് എന്നിവ അപ്‌ഡലോഡ് ചെയ്തിട്ടുണ്ട്.

ടൂർ ഡയറി അപ്‌ലോഡ് ചെയ്തിട്ടില്ല.

5. കണ്ടിൻജന്റ് ചെലവ്

ഓഫീസ് വാഹനത്തിന്റെ ഡീസൽ ചാർജ്ജ് ഒടുക്കിയതിന്റെ രേഖകൾ ILGMS ൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെങ്കിലും ആയത് ലോഗ്ബുക്കിൽ ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ലോഗ്ബുക്ക് ഭൗതികമായി പരിശോധിക്കേണ്ടതുണ്ട്.

ഉദാ. വൗ.നം. 22100329/27-8-2021 - 34692 രൂപ (2/21 – 6/21 വരെയുള്ള ഡീസൽ ബിൽ)

വാഹനം നം. KL-51B-9090

ഇൻവോയ്സുകൾ അപലോഡ് ചെയ്തിട്ടുണ്ട്. കൃത്യത പരിശോധിക്കാൻ ലോഗ്ബുക്കിന്റെ ബന്ധപ്പെട്ട പേജ് അപ്‌ലോഡ് ചെയ്തിട്ടില്ല. ലോഗ്ബുക്കിന്റെ ഭൗതിക പരിശോധന നടത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

നിലവിലെ സാഹചര്യത്തിൽ വിവിധ ഫങ്ഷനുകളുടെ ഓൺലൈൻ പരിശോധന പൂർണ്ണമായ അർത്ഥത്തിൽ സാധ്യമാകണമെങ്കിൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കമ്പ്യൂട്ടറൈസ് ചെയ്യേണ്ടതുണ്ട്. ഓൺലൈൻ ആയി പരിശോധിക്കുവാൻ സാധിക്കുന്ന ഡോക്യുമെന്റുകൾ ഓൺലൈൻ ആയും ഓൺലൈൻ ആയി ലഭ്യമല്ലാത്ത അനുബന്ധ രേഖകൾ പരിശോധിക്കുന്നതിനായി ലോക്കൽ ഓഡിറ്റ് നടത്തുകയും ചെയ്യുക എന്ന സാധ്യതയാണ് നിലവിലുള്ളത്.

6. ബിൽ രജിസ്റ്റർ

മാന്വൽ ആയി എഴുതി തയ്യാറാക്കിയിരുന്ന ബിൽ രജിസ്റ്ററിന് സമാനമായ രേഖ ILGMS ൽ ലഭ്യമല്ല. ആയത് കൂടി ഉൾപ്പെടുത്തിയാൽ ഓരോ മാസത്തേയും വിവിധ ഫങ്ഷനുകളിലെ വൗച്ചറുകൾ എളുപ്പത്തിൽ പരിശോധിക്കുവാൻ സാധിക്കുന്നതാണ്. നിലവിൽ, വൗച്ചറുകളിലേക്ക് എത്തുവാൻ ഓരോ ഹെഡും തെരഞ്ഞെടുത്ത് പരിശോധിക്കേണ്ടി വരുന്നതിനാൽ ധാരാളം സമയം വേണ്ടി വരുന്നു എന്ന പ്രായോഗിക പ്രശ്നം നിലനിൽക്കുന്നുണ്ട്.

എല്ലാ സേവനങ്ങളും അനുബന്ധ ഡാറ്റയും ഡിജിറ്റലൈസ് ചെയ്യപ്പെടുന്നതോടെ ഓൺലൈൻ ഓഡിറ്റ് പൂർണ്ണമായ അർത്ഥത്തിൽ സാധ്യമാകുന്നതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 19.09.2022 മുതൽ 29.09.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 530399 | ലൈഫ് - General +SCP | 0 | 530399 |
| | 2021-22 | 20000 | ജനകീയ ഹോട്ടൽ | 0 | 20000 |
| | 2020-21 | 355250 | അങ്കണവാടി കെട്ടിടം | 0 | 355250 |
| | 2021-22 | 730000 | 89/22-നെൽകൃഷി കൂലിച്ചെലവ് | 730000 | 0 |
| | 2021-22 | 1000000 | 19/22-ലൈഫ്-SCP | 1000000 | 0 |
| | 2021-22 | 300000 | 86/22-സ്കോളർഷിപ്പ് | 300000 | 0 |
| | 2021-22 | 144900 | 95/22-പാലിന് സബ്സിഡി | 144900 | 0 |
| | 2021-22 | 25000 | 181/22-പാലിന് സബ്സിഡി | 25000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 101565 | സ്കോളർഷിപ്പ് | 0 | 101565 |
| | 2019-20 | 41 | ലൈഫ് - ജനറൽ | | 41 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 1368750 | 89/22-നെൽകൃഷി കൂലിച്ചെലവ് | 1368750 | 0 |
| | 2021-22 | 300000 | 86/22-സ്കോളർഷിപ്പ് | 300000 | 0 |
| | 2021-22 | 144900 | 95/22-പാലിന് സബ്സിഡി | 125000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | സാങ്ഷൻ ഓർഡർ നം., തീയതി, തുക | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, പത്തിരിപ്പാല | റോഡിൽ തടസ്സമായി നിൽക്കുന്ന വൈദ്യുതപോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 200000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 262/11.02.22<br>61593-തനത്ഫണ്ട് 262/11.02.22 | 261953 | 261953 |
| കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, പത്തിരിപ്പാല | വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 291919-വികസനഫണ്ട് ജനറൽ-346/15.03.22<br>5530 -തനത്ഫണ്ട് 347/15.03.22 | 297449 | 297449 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | യിരുന്ന തുക | | | | | തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്- KURDFC വായ്പ | GO(MS)No. 68/2018. LSGD Dt.18.5.2018 | 16677450 | - | 16677450 | 2845333 | - | 13832117 |

വികസന ഫണ്ട് (ജനറൽ) -ൽ നിന്നും 2478110 രൂപയും വികസന ഫണ്ട് (എസ്.സി.പി)-ൽ നിന്നും 367223 രൂപയും ഉൾപ്പെടെ ആകെ 2845333 രൂപ തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികക ളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 5124548 |
| ഓഡിറ്റ് വർഷത്തെ വരവ് | 162450081 |
| ആകെ | 167574629 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 105446519 |
| നീക്കിയിരിപ്പ് | 62128110 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 555642 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 154096 | ശ്രീമതി.ഇന്ദു.ബി, സെക്രട്ടറി |
| 1-34 | 20018 | ഡോ.സുജാത.എസ് , മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-35 | 381528 | ഡോ.സുജാത.എസ് , മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 555642 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖ.1-7-1- സാമൂഹ്യ സുരക്ഷാ പെൻഷൻ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | 1 |
| 1997-98 | LFP6/618/00/ 06.10.00 | 18 |
| 1998-99 | LFP6/1714/09.08.01 | 15 |
| 1999-00 | LFP14/504/13.02.01 | 9 |
| 2000-01 | LFP14/622/05/ 10.11.06 | 2 |
| 2001-02 | LFP14-623/05/28.12.07 | 4 |
| 2002-03 | LFP14- 228/07/07.01.08 | 3 |
| 2003-04 | LFP16- 793/12/02.07.12 | 24 |

| | | |
|---|---|---|
| 2004-05 | LFP14-1181/09/18.10.10 | 2 |
| 2005-06 | LFP14- 1182/09/ 08.03.11 | 4 |
| 2006-07 | LFP14-1183/09/17.03.11 | 4 |
| 2007-08 | LFP14- 1184/09/ 18.03.11 | 6 |
| 2008-09 | LFP16- 1277/12/ 06.10.12 | 11 |
| 2009-10 | LFP16- 1352/12/ 10.09.12 | 9 |
| 2010-11 | LFP16- 1002/13/ 02.12.13 | 11 |
| 2011-12 | LFP16 - 981/14 | 4 |
| 2012-13 | KSA-PKD16/1017/15/28.3.17 | 8 |
| 2013-14<br>2014-15 | KSA-PKD16/1429/16/12.12.18 | 14 |
| 2015-16 | KSA-PKD16/251/17/12.2.18 | 6 |
| 2016-17 | KSA-PKD16/1399/17/7.6.18 | 12 |
| 2017-18 | KSA-PKD16/62/19/20.02.19 | 3 |
| 2018-19 | KSA-PKD16/16-745<br>/2020/04.06.2020 | 21 |
| 2019-20 | KSA-PKD16/1466<br>/22/06.07.2022 | 12 |
| 2020-21 | KSA-PKD16/1467<br>/22/06.07.2022 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## വാർഷിക കണക്ക് - പത്രികകളുടെ സംക്ഷിപ്തം

1.

| | | | |
|---|---|---|---|
| Lekkidi Perur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 51124548.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1464350.00 |
| 130000000 | Rental income from Panchayat Properties | RP-3 | 204700.00 |
| 140000000 | Fees & User Charges | RP-4 | 811329.00 |
| 150000000 | Sale & Hire Charges | RP-5 | 131605.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 61429040.00 |
| 171000000 | Interest Earned | RP-9 | 1407034.00 |
| 311000000 | Earmarked Funds | RP-28 | 1181.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20305990.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 29521097.00 |
| 460000000 | Loans, Advances and Deposits | RP-49 | 8610.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3.00 |
| 330000000 | Secured Loans | RP-31 | 0.0 |
| 340000000 | Deposits Received | RP-33 | 183300.00 |
| 350000000 | Other Liabilities | RP-35 | 24951240.00 |
| | Grand total | | 191544027.00 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 9404227.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 21352474.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 8916211.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 500.00 |
| 312000000 | Reserves | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 142892.00 |
| 412000000 | Capital Work In Progress | RP-39 | 3901154.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 247822.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 23488255.00 |
| 460000000 | Loans, Advances and Deposits | RP-49 | 1586516.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 160673.00 |
| 350000000 | Other Liabilities | RP-35 | 36245795.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 62123794.00 |
| Cash | Cash | RP-40(b) | 4316.00 |
| | Grand Total | | 167574629.00 |

2.

| Lekkidi Perur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8161144.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 208264.00 |
| 140000000 | Fee & User Charges | I-4 | 1020629.00 |
| 150000000 | Sale & Hire Charges | I-5 | 131605.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177848951.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 1407034.00 |
| 180000000 | Other Income | I-9 | 236852.00 |
| 190000000 | Prior Period Income | I-19 | -219144.00 |
| | Total Income | | 189014479.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11349159.00 |
| 220000000 | Administrative Expenses | I-11 | 936053.00 |
| 230000000 | Operations & Maintenance | I-12 | 3079003.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8242627.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 42160385.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10142617.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19103786.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 80898852.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1008959.75 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 5344652.00 |
| | Total Expenditure | | 182266742.75 |
| | Gross Surplus / Deficit of income over Expenditure | | -6747736.25 |
| | Gross Surplus / Deficit of income over Expenditure | | -6348080.25 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -618800.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 399656.00 |

3.

| | | | |
|---|---|---|---|
| Lekkidi Perur Grama Panchayat BALANCE SHEET | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 64156535.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 39911.00 |
| 312000000 | Reserves | B-3 | 70431468.00 |
| | Total Reserve & Surplus | | 134627914.25 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13501084.00 |
| | Total Grants, Contributions for Specific Purposes | | 13501084.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 13832117.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 13832117.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 302440.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1549621.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1852061.00 |
| | TOTAL LIABILITIES | | 163813176.25 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 362358.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 147828.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6488996.00 |

| | | | |
|---|---|---|---|
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 76985956.00 |
| 416000000 | Accumulated Depreciation | B-11(a) | -27577293.00 |
| | Total Fixed Assets | | 56407845.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 27623084.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 13832117.00 |
| 450000000 | Cash and Bank Balance | B-17 | 62128110.00 |
| 460000000 | Loans, Advances and Deposits | B-18 | 4227973.25 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 107811284.25 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 164219129.25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ )